പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ: 1563 | 31.01.2018 - ൽ<br>മറുപടിയ്ക്ക് |

സ്റ്റേറ്റ് ഫാമുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഫാമുകൾ ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | എ) സ്റ്റേറ്റ് സീഡ് ഫാമുകൾ ആധുനികവത്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം എന്ന പദ്ധതിയിൽ 300 ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 460 ലക്ഷം രൂപയും പഴവർഗ്ഗത്തോട്ട സംരക്ഷണവും പ്രോജനി തോട്ടങ്ങൾ ആരംഭിക്കുന്നതിനുമായി 100 ലക്ഷം രൂപയും സംയോജിത കൃഷി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയും വിദേശ പഴവർഗ്ഗ വിളകൾ നട്ടുപിടിപ്പിക്കുന്നതിനായി 100 ലക്ഷം രൂപയും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| ബി) നെല്ലിയാംപതി, നേര്യമംഗലം ഫാമുകളുടെ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇവിടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിശദമാക്കാമോ; | ബി) നെല്ലിയാംപതി ഫാമിലെ നവീകരണ പ്രവർത്തനങ്ങളിൽ ചെയിൻ ലിങ്ക് ഫെൻസിംഗ്, ചെക്ക് ഡാം നിർമ്മാണം, കന്നുത്തുപടി ബ്ലോക്കിന്റെ ചുറ്റുമതിൽ നിർമ്മാണം, ഇലക്ട്രിക് ഫെൻസിംഗ്, കാപ്പിതോട്ടത്തിലേയ്ക്കുള്ള ഫാം റോഡ്, തോട് വൃത്തിയാക്കൽ, തോടിന്റെ വശങ്ങൾ ബലപ്പെടുത്തൽ, പാഷൻ ഫ്രൂട്ട് ബ്ലോക്കിലെ നവീന ഷെഡ് നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, കുടിവെള്ള ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ പുനരുദ്ധാരണം, ചെടിച്ചട്ടി ഗ്യാലറി നിർമ്മാണം, പോളിഹൗസിന്റെ പുനരുദ്ധാരണം, സ്പെഷ്യൽ ലേബർ പാടികൾ 15 എണ്ണം, ഓറഞ്ച് തോട്ടത്തിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സംയോജിത അടിസ്ഥാന സൗകര്യ വികസനം ആന്തൂറിയം കൃഷിക്കായുള്ള പോളിഹൗസുകൾ, പുതിയ ചെക്ക് ഡാം നിർമ്മാണം, പരിശീലകർക്കുള്ള താമസസൗകര്യം, ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കൽ, സ്റ്റാഫ് ക്വാട്ടേഴ്സിന്റെ പുനരുദ്ധാരണം, ഗസ്റ്റ് ഹൗസ് പുനരുദ്ധാരണം, ട്രാക്ടർ-ജെനറേറ്റർ റിപ്പയർ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.<br><br>നേര്യമംഗലം ജില്ലാ ഫാമിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. ഇവിടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) നാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണമേന്മയുള്ളതും, അത്യുല്പാദന ശേഷിയുള്ളതുമായ തെങ്ങിനങ്ങളുടെ 7 പ്രാഥമിക പ്രദർശനത്തോട്ടങ്ങളും 7 അനുബന്ധ പ്രദർശനത്തോട്ടങ്ങളും നിർമ്മിക്കുന്നതിലേ |

സ്സായി ₹11,27,000/-(പതിനൊന്ന് ലക്ഷത്തി ഇരുപത്തി യേഴായിരം രൂപ) അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ഓരോ തോട്ടങ്ങളിലും അത്യുല്പാദന ശേഷിയുള്ളതും ഗുണമേന്മ യേറിയതുമായ 35 തെങ്ങിൻ തൈകൾ പിടിപ്പിക്കുന്നു.

2) റംബൂട്ടാൻ, ഫിലോസാൻ തുടങ്ങിയ ഗുണമേന്മയേറിയ വിദേശ പഴവർഗ്ഗങ്ങളുടെ പ്രദർശനത്തോട്ടം നിർമ്മിക്കുന്ന തിലേയ്ക്കായി ₹5/- ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

3) വിവിധ ഇനം ഫലവൃക്ഷങ്ങളുടെ പുതിയ മാതൃസസ്യ ത്തോട്ടം തുടങ്ങുവാനും നിലനിൽക്കുന്നവ പുനരുദ്ധരിക്ക വാനും ₹6,55,000/- രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

4) PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി നേര്യമംഗലത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനായി ₹2/- കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

5) ഔഷധ സസ്യത്തോട്ട നിർമ്മാണത്തിനായി ₹1/- ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) കൃഷി ഫാമുകളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിച്ച്, ജൈവകൃഷി പ്രോത്സാഹി പ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചി ട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ യാണ് പ്രസ്തുത പദ്ധതി ആരംഭിച്ചി ട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | സി) ഉണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ ബനാന നഴ്സറി, കൊല്ലം ജില്ലയിലെ കടയ്ക്കൽ സീഡ് ഫാം, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി, ഇടുക്കി ജില്ലയിലെ കരിമണ്ണൂർ സീഡ് ഫാം, എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാം, വൈറ്റില കോക്കനട്ട് നഴ്സറി, പാലക്കാട് നെല്ലിയാമ്പതിയിലെ ഓറഞ്ച് & വെജിറ്റബിൾ ഫാം, മലപ്പുറം ജില്ലയിലെ ചുങ്കത്തറ ജില്ലാ ഫാം എന്നിവിടങ്ങളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ